## പതിനാലാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 785

30.01.2019 ലെ മറുപടിയ്ക്ക്.

# പഠനമുറി പദ്ധതി

| ചോദ്യം<br>ശ്രീ.മുരളി പെരുനെല്ലി : | | ഉത്തരം<br>എ. കെ. ബാലൻ<br>പട്ടിക ജാതി - പട്ടിക വർഗ്ഗ പിന്നോക്ക സമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി | |
|---|---|---|---|
| (എ) | പട്ടികജാതിയിൽപ്പെട്ട വിദ്യാർത്ഥികളുടെ പഠന നിലവാരം മെച്ചപ്പെടുത്തുന്നതിനായി ആവിഷ്കരിച്ച പഠനമുറി പദ്ധതിയിലെ ആനുകൂല്യങ്ങൾ ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വിശദീകരിക്കാമോ | (എ) | സംസ്ഥാനത്തെ ഗവ എയ്ഡഡ് സ്കൂളുകളിൽ 8, 9, 10 ക്ലാസുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് അവരുടെ നിലവിലുള്ള 800 സ്ക്വയർ ഫീറ്റ് വരെ വലിപ്പമുള്ള വീടിനൊപ്പം പഠനമുറി നിർമ്മിക്കുന്നതിന് രണ്ട് ലക്ഷം രൂപ ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ട് വഴി വിതരണം ചെയ്യുന്ന ടി തുക ഉപയോഗിച്ച് 120 സ്ക്വയർഫീറ്റ് വലിപ്പത്തിൽ റൂം നിർമ്മിച്ച് വാതിലും ജനലുകളും സ്ഥാപിക്കുന്നതിനും മേൽക്കൂര കോൺക്രീറ്റ് ചെയ്യുന്നതിനും ചുവരുകൾ പ്ലാസ്റ്ററിങ് നടത്തുന്നതിനും തറ ടൈൽ പാകുന്നതിനും പുസ്തകം സൂക്ഷിക്കുന്നതിന് ഭിത്തി അലമാര സ്ഥാപിക്കുന്നതിനും വൈദ്യുതീകരിച്ച് ലൈറ്റ്, ഫാൻ എന്നിവ സ്ഥാപിക്കുന്നതിനും നടപടി സ്വീകരിക്കുന്നു. നിർമ്മാണത്തിന്റെ ഓരോ ഘട്ടവും ബന്ധപ്പെട്ട പട്ടികജാതി വികസന ഓഫീസർ പരിശോധിച്ച് ഉറപ്പാക്കി ധനസഹായം നൽകുന്നു.<br>തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾ തയ്യാറാക്കുന്ന ഗുണഭോക്തൃ പട്ടികയുടെ അടിസ്ഥാനത്തിലാണ് ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നത്. ഗുണഭോക്തൃ ലിസ്റ്റ് ലഭിക്കാത്ത ഇടങ്ങളിൽ പത്രപരസ്യത്തിലൂടെ നേരിട്ട് അപേക്ഷ ക്ഷണിച്ച് ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നു. പദ്ധതിയുടെ വരുമാനപരിധി 1,00,000/- രൂപയാണ്. തെരഞ്ഞെടുക്കപ്പെടുന്ന ഗുണഭോക്താക്കൾ നിശ്ചിത മാതൃകയിലുള്ള അപേക്ഷയും ജാതി, വരുമാനം |

| | | | |
|---|---|---|---|
| | | | കൈവശാവകാശം/ഉടമസ്ഥാവകാശം എന്നിവ തെളിയിക്കുന്ന രേഖകളും ബാങ്ക് അക്കൗണ്ട് വിശദാംശങ്ങൾ, ആധാർ, വിദ്യാർത്ഥിയുടെ സ്കൂളിൽനിന്നുള്ള സാക്ഷ്യപത്രം എന്നിവ സഹിതം ബന്ധപ്പെട്ട പട്ടികജാതി വികസന ഓഫീസർക്ക് അപേക്ഷ സമർപ്പിക്കേണ്ടതാണ് |
| (ബി) | പ്രസ്തുത പദ്ധതി പ്രകാരം ഈ സർക്കാർ മണലൂർ മണ്ഡലത്തിൽ നടപ്പിലാക്കിയ പഠനമുറികൾ എത്രയാണെന്ന് വ്യക്തമാക്കാമോ | (ബി) | മണലൂർ മണ്ഡലത്തിൽ 134 പേർക്ക് പഠനമുറി പദ്ധതിപ്രകാരം ആനുകൂല്യം അനുവദിച്ചിട്ടുണ്ട് |

സെക്ഷൻ ഓഫീസർ